5. വീഡിയോ കമ്മ്യൂണിക്കേഷനിലും സോഫ്റ്റ് വെയർ ടെക്നോളജിയിലും കംപ്യൂട്ടർ അനിമേഷനിലും പരിശീലന പരിപാടികൾ.

6. സംസ്ഥാന സർക്കാരിന്റെതുൾപ്പെടെ വിവിധ ഏജൻസികൾക്ക് വെബ്സൈറ്റ്ഹോസ്റ്റിംഗ്.

(ഡി) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ തന്നെ ക്യാംവെയിൻ പരിപാടിയും വീഡിയോ ഡോക്യുമെന്റേഷനും അതിനെ ആസ്പദമാക്കിയ വീഡിയോ ചിത്ര നിർമ്മാണവും സി-ഡിറ്റ് ഏറ്റെടുത്തുവരുന്നു. ഇരുപത്തി അഞ്ചോളം ഡോക്യുമെന്ററി ഫീച്ചറുകളും അമ്പതോളം ഫ്രെമ (സ്പോർട്) ചിത്രങ്ങളും നിർമ്മിച്ചു പ്രദർശിപ്പിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പരിശീലന പരിപാടിയിൽ ഈ ചിത്രങ്ങൾ ഉപയോഗിച്ചുവരുന്നു. ഒന്നാം വർഷ പദ്ധതികളുടെ പൂർണ്ണവിവരങ്ങളടങ്ങുന്ന ഡാറ്റാബേസ് വികസിപ്പിച്ച് ആസൂത്രണ ബോർഡിന് കൈമാറി. വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്തിലുള്ള ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(ഇ) താഴെ പറയുന്ന വീഡിയോ സീരിസുകൾ സീ-ഡിറ്റ് നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണത്തിലാണ്.

1. ശാസ്ത്രകൗതുകം-വീഡിയോ ശാസ്ത്രമാഗസിൻ 36 ഭാഗങ്ങൾ - തിരുവനന്തപുരം ദൂരദർശനും ഡി.ഡി. നാല് ചാനലും സംപ്രേക്ഷണം ചെയ്തു.

2. പഠനകൗതുകം-എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വീഡിയോ പരമ്പര-കേരളത്തിലെ എല്ലാ ജില്ലാപഞ്ചായത്തുകൾക്കും വേണ്ടി-തിരുവനന്തപുരം, ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള ഹൈസ്കൂളുകളിൽ 5 കാസറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.

3. മാനവോദയം-നിർമ്മാണത്തിലാണ്.

4. സഹസ്രാബ്ദകിസ്-നിർമ്മാണത്തിലാണ്.

മാനവീയം സാംസ്ക്കാരിക മിഷൻ

93 (1200) ശ്രീ. എം. മുരളി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "മാനവീയം സാംസ്ക്കാരിക മിഷൻ" ഇതുവരെ എവിടെയെല്ലാം പരിപാടികൾ സംഘടിപ്പിച്ചു ;

(ബി) ഇതിന്റെ ഭാഗമായി പണ്ഡിറ്റ് രവിശങ്കറിന്റെ സംഗീതപരിപാടി നടത്താൻ എ.കെ.ജി. മെമ്മോറിയൽ ഹാളിന് വാടകയായി എന്തു തുക നൽകി ;

(സി) ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന കലാപരിപാടികളുടെ ടി.വി. പ്രക്ഷേപണാവകാശം എന്തെങ്കിലും ചാനലിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാകളക്ടറുടെയും ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെയും മേൽനോട്ടത്തിലുള്ള കമ്മിറ്റികളുടെ സഹകരണത്തോടെ ഓരോ ജില്ലയിലും വിവിധ സ്റ്റേജുകളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) 10,500 രൂപ നൽകി

(സി) മാനവീയം പരിപാടികളുടെ ടി.വി. പ്രേക്ഷേപണാവകാശം ആർക്കും നൽകിയിട്ടില്ല.

മാനവീയം പരിപാടികൊണ്ടുണ്ടായ നേട്ടങ്ങൾ

94 (1202) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം പരിപാടികൾ മുഖേന സംസ്ഥാനത്തെ കലാസാംസ്ക്കാരിക രംഗത്തിന് എന്തെല്ലാം നേട്ടം കൈവരിക്കാൻ കഴിഞ്ഞു ;

(ബി) മറ്റു രംഗങ്ങളിൽ എന്തെല്ലാം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ സംഗീതം, കല തുടങ്ങിയ വിവിധ മേഖലകളിൽ കാര്യമായ ചലനം സൃഷ്ടിക്കുവാൻ മാനവീയം പരിപാടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ഉഷാറായ പ്രവർത്തനത്തിന് ഗതിവേഗം കൂട്ടുവാൻ മാനവീയം പരിപാടികൾക്ക് കഴിഞ്ഞു.

സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ

95 (1210) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സാക്ഷരതാ പ്രവർത്തനങ്ങളിൽ റസിഡന്റ് അസോസിയേഷനുകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly